(c) The vacancies will be filled up by the Kerala State Electricity Board during April/May, 1986.

ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ ജീവനക്കാർ

488. [686] ശ്രീ. കാനം രാജേന്ദ്രൻ :
,, പി. കുമാരൻ :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും എത്ര ജീവനക്കാർ പെൻഷൻ പറ്റിപിരിഞ്ഞിട്ടുണ്ട് ;

(ബി) എത്ര ഉദ്യോഗാർത്ഥികൾക്കു പുതുതായി ബോർഡിൽ നിയമനം നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 1891.

(ബി) 2616 ഉദ്യോഗാർത്ഥികൾ

ഇടമലയാർ ടണലിലുണ്ടായ ചോർച്ച

489. [687] ശ്രീ. കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കെ. ഇ. ഇസ്മയിൽ :
,, കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ടണലിലുണ്ടായ ചോർച്ച തടയാൻ ആകെ ചെലവു വരുന്ന മതിപ്പു തുക എത്ര ;

(ബി) ചോർച്ച തടയാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) പദ്ധതി എന്നേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്

ഉത്തരം

(എ) 92 ലക്ഷം രൂപയാണ് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്ന മതിപ്പു തുക.

(ബി) ഇപ്പോൾ കോൺട്രാക്ടറ് ഇലനിംഗ് ചെയ്തിരിക്കുന്ന ടണലിൽ 60 മീറ്റർ നീളത്തിൽ സ്റ്റീൽ ലൈനിംഗ് പിടിപ്പിക്കുക എന്നതാണ് സ്വീകരിക്കാൻ തീരുമാനിച്ച പ്രധാന നടപടി. ഇതിനുള്ള പ്രാരംഭ നടപടികൾ എടുത്തു കഴിഞ്ഞു. ഇതിനും പുറമെ ഡ്രില്ലിംഗ്, ഗ്രൗണ്ടിംഗ്, കോൺക്രീറ്റ് ബാക്ക് ഫില്ലിംഗ് മുതലായ പണികളും ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly